

# ശിശുദിനത്തിൽ ചങ്ങാതിക്കൊരു ഇ-മെയിൽ

• ശാലിനി. വി.എസ്.നായർ

*ഹലോ ആദീ,*

നിനക്ക് സുഖമാണോ? ഇപ്രാവശ്യവും ശിശുദിനത്തിന് പതിവുപോലെ കത്ത് അയക്കാമെന്നാ കരുതിയത്. കത്ത് വൈകിയാലോ എന്ന് ആലോചിച്ചപ്പോഴാ ഇമെയിലിന്റെ കാര്യം ഓർത്തത്. നിന്റെ ഇമെയിൽ ഐഡി നീ നേരത്തെ എനിക്ക് തന്നിരുന്നുവല്ലോ.

സാമൂഹ്യ മാധ്യമങ്ങൾ വളരെ ശ്രദ്ധയോടെ ഉപയോഗിക്കണമെന്ന് ടീച്ചേഴ്സും മാതാപിതാക്കളും എപ്പോഴും ഓർമ്മിപ്പിക്കുന്നതിനാൽ ഈയിടെയായി ഞാൻ അവ അധികം ഉപയോഗിക്കാറില്ല. ചില

▸▸ മലയാള ലിപിയിൽ അച്ചടിച്ച ആദ്യത്തെ ഗ്രന്ഥം– ഹോർത്തൂസ് മലബാറിക്കസ്

വാർത്തകൾ കണ്ടപ്പോഴാ എനിക്ക് അവർ പറയുന്നതിന്റെ ഗൗരവം മനസ്സിലായത്. 'ബ്ലൂ വെയിൽ' എന്ന കൊലയാളി ഗെയിമിന്റെ ചതിക്കുഴിയിൽ പെട്ട് എത്ര കുട്ടികളാ ഈയിടെ ആത്മഹത്യ ചെയ്തത്!

ബാലവേല, ശൈശവ വിവാഹം എന്നീ പ്രശ്നങ്ങൾക്കു പുറമെ കുട്ടികൾക്കു നേരെയുള്ള ശാരീരിക ആക്രമണങ്ങൾ ഇക്കാലത്ത് വളരെയേറെ കൂടിയിട്ടുണ്ടെന്ന് ഹെഡ്മാസ്റ്റർ കഴിഞ്ഞ ദിവസം അസംബ്ലിയിൽ പറഞ്ഞു.

ഇപ്രാവശ്യത്തെ ശിശുദിനത്തിൽ ഇത്തരം അനീതികൾക്കെതിരെ ശക്തമായി പ്രതികരിക്കണമെന്നും പറഞ്ഞു. അതിനായി ഞങ്ങൾ ചില പരിപാടികളൊക്കെ സംഘടിപ്പിക്കുന്നുണ്ട്. ടീച്ചർമാർ അതിനു വേണ്ട സഹായങ്ങൾ ചെയ്തു തരും.

നവംബർ 14-ന് നടത്താൻ പോകുന്ന പരിപാടികളെപ്പറ്റി ഞാനിപ്പോൾ ചെറുതായി വിശദമാക്കാം. രാവിലെ സ്കൂളിൽ വെച്ച് ഞങ്ങൾ പ്രതിജ്ഞ ചൊല്ലും. തുടർന്ന് കുട്ടികളുടെ അവകാശങ്ങളെ പറ്റിയുള്ള ഒരു ബോധവൽക്കരണ ക്ലാസ് സ്ഥലത്തെ എസ്.ഐയുടെ നേതൃത്വത്തിൽ നടക്കുമെന്ന് ടീച്ചർ അറിയിച്ചു. തുടർന്ന് പതിവുപോലെ മിഠായി വിതരണവും കുട്ടികളുടെ കലാപരിപാടികളും നടക്കും.

ഏറ്റവും പ്രധാനപ്പെട്ട കാര്യം എന്താണെന്നറിയാമോ ആദീ, കുട്ടികൾക്ക് നേരെയുള്ള അക്രമങ്ങൾ തടയുവാൻ അധികൃതർ കൂടുതൽ ശ്രദ്ധിക്കണമെന്ന ഒരു കത്ത് ഞങ്ങൾ എല്ലാവരും ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്. സ്കൂളിലെ മുഴുവൻ കുട്ടികളും ഒപ്പിട്ട ഹർജി അന്നേ ദിവസം അധികാരികളെ ഏൽപ്പിക്കാമെന്ന് ഞങ്ങളുടെ ടീച്ചേഴ്സ് ഉറപ്പു നൽകിയിട്ടുണ്ട്.

രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും പേരിൽ മുതിർന്നവർ കാട്ടിക്കൂട്ടുന്ന അക്രമങ്ങളെ പറ്റി കേൾക്കുമ്പോൾ നിനക്കും പേടി തോന്നാറില്ലേ? പരസ്പരം സ്നേഹിക്കണമെന്നും സഹായിക്കണമെന്നുമൊക്കെയല്ലേ എല്ലാ മതങ്ങളും ഉപദേശിക്കുന്നത്. എന്നിട്ടും ആളുകൾ പരസ്പരം പോരാടുന്നു.

ചില ചീത്ത നേതാക്കന്മാർ രാഷ്ട്രീയ നേട്ടങ്ങൾക്കായി ജനങ്ങളെ തമ്മിലടിപ്പിക്കുന്നു.



## ആദ്യ ദേശീയോദ്യാനം

ഉത്തരാഖണ്ഡിലെ നൈനിറ്റാൻ ജില്ലയിലെ ജിം കോർബെറ്റ് ദേശീയ പാർക്കാണ് ഇന്ത്യയിലെ ആദ്യത്തെ ദേശീയോദ്യാനം.



▸▸ 'കേരളാരാമം ' എന്ന് അറിയപ്പെടുന്ന ഗ്രന്ഥം– ഹോർത്തൂസ് മലബാറിക്കസ്.




ഇതൊക്കെ തെറ്റാണെന്നും നാമെല്ലാം സാഹോദര്യത്തോടെ ജീവിക്കണമെന്നുമാണ് ഞങ്ങൾ അവതരിപ്പിക്കാനിരിക്കുന്ന തെരുവുനാടകത്തിന്റെ പ്രധാന സന്ദേശം.

വൈകുന്നേരം നാല് മണിക്ക് സ്കൂളിനടുത്തുള്ള കവലയിൽ വെച്ചാണ് നാടകം. നീ കൂടി ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്തു രസമായിരുന്നേനേ....!

പിന്നെ, കഴിഞ്ഞ പരിസ്ഥിതി ദിനത്തിൽ ഞങ്ങൾ നട്ട തൈകളെല്ലാം നല്ലോണം വളർന്നു കേട്ടോ. ശിശുദിനത്തിലും ഞങ്ങൾ വൃക്ഷത്തൈകൾ നടും. ഞങ്ങളുടെ ബസ്സ്റ്റോപ്പിനരികിലെ മരച്ചുവടുകളിൽ എന്നും ചിലർ ചപ്പുചവറുകൾ കൂട്ടിയിട്ട് തീയിടാറുണ്ട്.

അതിനെതിരെ പ്രതികരിക്കുവാനായി ഞങ്ങൾ പോസ്റ്ററുകളും ബാനറുകളും തയ്യാറാക്കി വരുന്നു. ശിശുദിനത്തിൽത്തന്നെ അവ പരമാവധി പ്രദർശിപ്പിക്കണം.

കുട്ടികളെ വളരെയേറെ സ്നേഹിച്ചിരുന്ന ചാച്ചാ നെഹ്റുവിന്റെ ജന്മദിനമായ നവംബർ 14-ന് മാത്രമല്ല, മറ്റെല്ലാ ദിവസവും കുട്ടികളെല്ലാവരും സമൂഹത്തിനും അവനവനു തന്നെയും നന്മയുണ്ടാക്കുന്ന നല്ല പ്രവൃത്തികളിൽ ഏർപ്പെട്ട് മാതൃകയാകണമെന്ന് ഹെഡ്മാസ്റ്റർ ഉപദേശിച്ചിട്ടുണ്ട്.

ചില ചീത്ത ആളുകൾ കുട്ടികളെ വഴി തെറ്റിക്കാൻ ശ്രമിക്കുമെന്ന് ഹെഡ്മാസ്റ്റർ പറഞ്ഞു. ശരീരത്തിൽ ചീത്തയായി സ്പർശിച്ചാലോ ചതിയിൽപ്പെടുത്തുന്ന ആഹാര പദാർഥങ്ങൾ തന്നാലോ അദ്ദേഹത്തെയോ പോലീസിനെയോ അറിയിക്കണം.

വേഗം തന്നെ മറുപടി അയക്കണേ... നിന്റെ ഇ-മെയിലിനായി ഞാൻ കാത്തിരിക്കും. ങാ! പിന്നെ ആദിയുടെ അച്ഛനെയും അമ്മയെയും കുഞ്ഞനിയത്തിയെയും അന്വേഷിച്ചതായി പറയണേ... ഇവിടെ എല്ലാവർക്കും സുഖമാണെന്നും അവരെ അറിയിക്കണേ.

പ്രാർഥനയോടെ
സ്വന്തം കൂട്ടുകാരൻ
അനസ് മുഹമ്മദ്

▸▸ ഐക്യ കേരളം നിലവിൽ വന്നത് 1956 നവംബർ ഒന്നിനാണ്.